**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5854** **25-03-2025 - ൽ മറുപടിയ്ക്ക്**

**ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ പ്രതീക്ഷിക്കുന്ന തൊഴിലവസരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ സംസ്ഥാനത്തിന്റെ മികവുകളും നിക്ഷേപ സാധ്യതകളും വിജയകരമായി അവതരിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | അന്താരാഷ്ട്ര തലത്തിൽ മാറിവരുന്ന കേരളത്തിലെ വ്യവസായ സൗഹാർദ്ദ അന്തരീക്ഷത്തെ പറ്റിയുള്ള വീക്ഷണവും അഭിപ്രായങ്ങളും ലോകത്തെ അറിയിക്കുവാനും അതുവഴി കേരളത്തിലേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുവാനുമായി സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സിയുടെ നേതൃത്വത്തിൽ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ വെച്ച് വിജയകരമായി നടത്തി.<br><br>കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചക്കുമുള്ള രൂപരേഖ നൽകിക്കൊണ്ട് നവകേരള നിർമിതിയിലേക്കുള്ള സംസ്ഥാനത്തിന്റെ യാത്രയിലെ സുപ്രധാന നാഴികക്കല്ലായിരുന്നു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. വ്യാവസായിക വികസനത്തിനായി യുണൈറ്റഡ് കേരള എന്ന സന്ദേശം നൽകാൻ ഈ ഉച്ചകോടിക്ക് സാധിച്ചുവെന്നത് മാത്രമല്ല കേരളത്തിന്റെ വ്യാവസായിക മുന്നേറ്റം ലോകശ്രദ്ധയിലേക്കെത്തിക്കുന്നതിനും ഇത് വഴിയൊരുക്കി. സുസ്ഥിര വികസനം, ഡിജിറ്റൽ ഇന്നോവേഷൻ, ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകി സംസ്ഥാനത്തിന്റെ തന്ത്രപ്രധാനമായ വ്യാവസായിക വളർച്ചയ്ക്ക് കരുത്തേകുന്ന ചർച്ചകൾക്കുള്ള വിശാലമായ വേദിയായിരുന്നു ഇത്.<br><br>26 രാജ്യങ്ങളിലെ പ്രതിനിധികൾ, 4000ത്തോളം വ്യവസായ പ്രമുഖർ/സ്റ്റാർട്ടപ്പുകൾ/ഇൻവെസ്റ്റേഴ്സ്, 115 എക്സിബിഷനുകൾ, കൺട്രി സെഷനുകൾ, |

ബി2ബി മീറ്റിംഗുകൾ എന്നിവയും ഉച്ചകോടിയുടെ പ്രത്യേകതകളായിരുന്നു.

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ പങ്കെടുത്ത ആഗോള നിക്ഷേപകർ കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് വളരെ ഉത്സാഹത്തോടെയും ആത്മവിശ്വാസത്തോടും കൂടിയാണ് പ്രതികരിച്ചത്. കേരള സർക്കാരിന്റെ നിക്ഷേപ സൗഹൃദ നയങ്ങളും നിക്ഷേപങ്ങൾക്ക് സർക്കാർ നൽകുന്ന പിന്തുണയെയും നിക്ഷേപകർ പ്രശംസിച്ചു. കേരളം വലിയ മുന്നേറ്റത്തിന്റെ പാതയിലാണെന്നും, ജനസൗഹൃദപരമായ നയപരിഷ്കാരങ്ങൾ, ഉറപ്പുള്ള അടിസ്ഥാനസൗകര്യങ്ങൾ, യോജിച്ച ബിസിനസ് അന്തരീക്ഷം എന്നിവയൊക്കെ കേരളത്തിന്റെ പ്രത്യേകതകളാണെന്നും നിക്ഷേപകർ അഭിപ്രായപ്പെട്ടു.

ആഗോള നിക്ഷേപ സംഗമം വഴി നിലവിൽ 419-ൽ അധികം താല്പര്യ പത്രങ്ങളിലൂടെ 1,65,928 കോടിയിലധികം രൂപയുടെ നിക്ഷേപതാൽപര്യങ്ങളും, നാല് ലക്ഷത്തോളം തൊഴിലവസരങ്ങളും സംസ്ഥാനത്തേക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. ലഭിച്ച എല്ലാ താൽപര്യപത്രങ്ങളും നിലവിൽ സർക്കാർ വിലയിരുത്തികൊണ്ടിരിക്കുകയാണ്. അവ നിക്ഷേപങ്ങളാക്കി മാറ്റുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിപുലമായ ഒരു റോഡ് മാപ്പ് രൂപീകരിച്ചിട്ടുണ്ട്. ഉടൻ ആരംഭിക്കാൻ സാധിക്കുന്നത്, നിശ്ചിത സമയത്തിനുള്ളിൽ ആരംഭിക്കാൻ സാധിക്കുന്നത് എന്നിങ്ങനെ താൽപര്യപത്രങ്ങളെ തരം തിരിക്കും.

വ്യവസായവുമായി ബന്ധപ്പെട്ട് ലഭ്യമായ പ്രോജക്ടുകളിൽ 50 കോടിക്ക് താഴെയുള്ള സംരംഭങ്ങളിൽ ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസിന്റെ നേതൃത്വത്തിൽ ടീമിനെ രൂപീകരിച്ച് സൂക്ഷ്മ പരിശോധന നടത്തും. 50 കോടിക്ക് മുകളിലുള്ളവയുടെ നോഡൽ ഓഫീസറായി സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എക്സിക്യൂട്ടീവ് ഡയറക്ടറർ പ്രവർത്തിക്കും. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റുമായി ബന്ധപ്പെട്ട അനുമതികൾ വേഗത്തിൽ ലഭ്യമാക്കാൻ ചീഫ് സെക്രട്ടറി തലത്തിൽ സെക്രട്ടറി തല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അനുമതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആയിരിക്കും ഏകോപനം നടത്തുന്നത്.

ജനസൗഹൃദപരമായ നയപരിഷ്കാരങ്ങൾ, ഉറപ്പുള്ള അടിസ്ഥാനസൗകര്യങ്ങൾ, യോജിച്ച ബിസിനസ് അന്തരീക്ഷം എന്നിവ കേരളത്തെ ഉയർന്ന

| | | | |
|---|---|---|---|
| | | | നിലവാരമുള്ള നിക്ഷേപ കേന്ദ്രമായി ഉയർത്തിയിട്ടുണ്ടെന്ന് ആഗോള നിക്ഷേപ സംഗമത്തിലെ പങ്കാളിത്തം വെളിവാക്കുന്നുണ്ട്. |
| (ബി) | ഈ സമ്മിറ്റിൽ പങ്കെടുത്ത ആഗോള നിക്ഷേപകരുടെ പ്രതികരണം ഏത് രീതിയിലായിരുന്നു; വിശദമാക്കുമോ; | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |
| (സി) | പ്രസ്തുത സമ്മിറ്റിലൂടെ പ്രതീക്ഷിക്കുന്ന തൊഴിലവസരം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ